## പതിനാലാം കേരള നിയമസഭ
### രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1561** **04-10-2016-ൽ മറുപടിയ്ക്ക്**

### കാരുണ്യ ബനവലന്റ് സ്കീം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. ജോർജ് എം. തോമസ്<br>ശ്രീ. കെ.വി. വിജയദാസ്<br>ശ്രീ. കെ. കുഞ്ഞിരാമൻ<br>ശ്രീ. എം. നൗഷാദ് | | ഡോ. ടി.എം. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
| (എ) | അടിയന്തര ചികിത്സ ആവശ്യമായി വരുന്ന രോഗികൾതന്നെ ആയതിനുള്ള പണം ഒടുക്കേണ്ടി വരുന്ന സാഹചര്യത്തിലും കാരുണ്യയിൽ നിന്ന് ഈ തുക അനുവദിച്ച് ഉത്തരവാകുന്നതിന് മുമ്പ് രോഗി ഡിസ്ചാർജ്ജ് ആയി ആശുപത്രി വിടേണ്ടി വരുന്ന സാഹചര്യത്തിലും കാരുണ്യ പദ്ധതിയിൽ നിന്നും പ്രസ്തുത പണം രോഗിയ്ക്ക് തിരികെ ലഭിയ്ക്കുന്നതിന് രണ്ടുവർഷം വരെ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ ഇപ്രകാരമുള്ള രോഗികൾക്ക് ഈ തുക സമയബന്ധിതമായി ലഭിയ്ക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിയ്ക്കുന്നത്; | (ബി) | കാരുണ്യ പദ്ധതി പ്രകാരം രോഗിക്ക് അനുവദിച്ച തുക ആദ്യഘട്ടത്തിൽ ആശുപത്രികൾക്കാണ് കൈമാറ്റം ചെയ്യുന്നത്. ടി തുക ആശുപത്രിയിൽ ചികിത്സയ്ക്കായി ഉപയോഗിച്ചശേഷം ബാക്കി തിരികെ കെ.ബി.എഫ്.-ൽ ലഭ്യമാകുകയും ചെയ്യേണ്ടതുണ്ട്. കൂടാതെ റീഇംബേഴ്സ്മെന്റുമായി ബന്ധപ്പെട്ട അപേക്ഷയോടൊപ്പം ഡോക്ടർ സാക്ഷ്യപ്പെടുത്തിയ ഒറിജിനൽ ബില്ലുകൾ, ഡിസ്ചാർജ് സമ്മറി, രോഗിയുടെ ബാങ്ക് പാസ്ബുക്ക് കോപ്പി, മരണപ്പെട്ട കേസാണെങ്കിൽ ഡെത്ത് സർട്ടിഫിക്കറ്റ്, അനന്തരാവകാശ സർട്ടിഫിക്കറ്റ് എന്നീ രേഖകളും ഹാജരാക്കേണ്ടതുണ്ട്. |

| | | | |
|---|---|---|---|
| | | | എന്നാൽ അപേക്ഷകളിൽ അധികവും അപൂർണ്ണമായാണ് ലഭിക്കാറുള്ളത്. എല്ലാ രേഖകളും ആശുപത്രിയിൽ നിന്നും ചികിത്സ കഴിഞ്ഞുള്ള ഫണ്ടും ലഭിച്ചാൽ ഉടൻതന്നെ തുക കൈമാറുന്നതാണ്. അപേക്ഷകൾ രോഗികളോ ബന്ധുക്കളോ നേരിട്ട് ഹാജരാക്കുന്ന അവസരത്തിൽ അപേക്ഷകളിലെ പോരായ്മകൾ നേരിട്ട് ശ്രദ്ധയിൽപ്പെടുത്തി എത്രയും പെട്ടെന്ന് ഹാജരാക്കുവാൻ നിർദ്ദേശിക്കാറുമുണ്ട്. തപാൽ മുഖേന ലഭിയ്ക്കുന്ന അപൂർണ്ണമായ അപേക്ഷകൾക്ക് യഥാസമയം തന്നെ ആവശ്യമായ രേഖകൾ സമർപ്പിക്കുന്നതിനായി രേഖാമൂലം ആവശ്യപ്പെടാറുമുണ്ട്. ഇവ രണ്ടും റീഇംബേഴ്സ്മെന്റ് തുക അനുവദിക്കുന്നതിന് കാലതാമസത്തിനുള്ള പ്രധാന കാരണങ്ങളാണ്. എല്ലാ രേഖകളും കൃത്യമായി സമർപ്പിച്ചിട്ടുള്ള അപേക്ഷകൾക്ക് ഉടൻ തന്നെ റീഇംബേഴ്സ്മെന്റ് തുക അനുവദിച്ചു നൽകുന്നുണ്ട്. |
| (സി) | ഇത്തരം കേസുകളിൽ അതാത് ജില്ലാതല സമിതികളിൽ തന്നെ തീരുമാനമെടുത്ത് പ്രസ്തുത തുക അനുവദിയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (സി) | നിലവിൽ ഇത്തരത്തിലുള്ള ക്ലെയിമുകൾ അനുവദിക്കുന്നതിന് കാരുണ്യ ബെനവലന്റ് ഫണ്ട് അഡ്മിനിസ്ട്രേറ്ററെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. ജില്ലകളിൽ ഇതിനുള്ള സംവിധാനം നിലവിലില്ല. |

**സെക്ഷൻ ഓഫീസർ.**